**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1981** | **16-03-2022 - ൽ മറുപടിയ്ക്ക്**

**ഇംഗ്ലീഷ് അധ്യാപക പരീക്ഷയുടെ മൂല്യനിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | null<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ കോളേജുകളിലെ ഇംഗ്ലീഷ് അധ്യാപക നിയമനത്തിനായി കേരള പി.എസ്.സി. 2019 നവംബറിൽ നടത്തിയ [കാറ്റഗറി നമ്പർ 287/2019] പരീക്ഷയുടെ ഉത്തരക്കടലാസ് മൂല്യനിർണയം സംബന്ധിച്ച് പരാതി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പി.എസ്.സി. ക്ക് പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിലേക്കുള്ള പരീക്ഷയുടെ മൂല്യനിർണ്ണയത്തിനും ചുരുക്കപ്പട്ടിക തയ്യാറാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | ഒ.എസ്.എം. (ഓൺ സ്ക്രീൻ മാർക്കിംഗ്) മാതൃകയിലുള്ള ഇരട്ട മൂല്യ നിർണ്ണയ സമ്പ്രദായമാണ് സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത സമ്പ്രദായത്തിൽ ഉത്തരക്കടലാസുകൾ സ്കാൻ ചെയ്ത് ചോദ്യോത്തരങ്ങൾ മൂല്യനിർണ്ണയത്തിനായി കമ്പ്യൂട്ടർ സ്ക്രീനിൽ ലഭ്യമാകുകയും ഓരോ ചോദ്യവും അതിനുള്ള ഉത്തരവും ഉത്തര സൂചികയുടെ സഹായത്തോടെ രണ്ട് പരിശോധകർ വീതം മൂല്യ നിർണ്ണയം നടത്തി മാർക്കുകൾ രേഖപ്പെടുത്തുകയും ആയതിനായി തയ്യാറാക്കിയ സോഫ്റ്റ് വെയർ മുഖേന മാർക്കുകളുടെ ശരാശരി കണക്കാക്കി ഉദ്യോഗാർത്ഥികൾക്ക് അനുവദിച്ച് നൽകുകയും ചെയ്യുന്നു. എഴുത്തു പരീക്ഷയിൽ ഉയർന്ന മാർക്ക് ലഭിച്ച അർഹരും യോഗ്യരുമായ 203 ഉദ്യോഗാർത്ഥികളെ മുഖ്യ പട്ടികയിലും, ആനുപാതിക എണ്ണം ഉദ്യോഗാർത്ഥികളെ ഉപ പട്ടികകളിലും ഉൾപ്പെടുത്തിയാണ് പി.എസ്.സി ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. പബ്ലിക് സർവീസ് കമ്മീഷന്റെ കാലാകാലങ്ങളിലുള്ള ഉത്തരവുകളും ചട്ടങ്ങളും പാലിച്ചാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത് . |
| (സി) | വിവരണാത്മക പരീക്ഷയ്ക്ക് ഉത്തര സൂചികയുടെ അടിസ്ഥാനത്തിൽ ആണോ മൂല്യനിർണയം നടത്തിയത് എന്നറിയിക്കാമോ; എങ്കിൽ ഉത്തരസൂചിക തയ്യാറാക്കിയ മാനദണ്ഡം വ്യക്തമാക്കാമോ; | (സി) | ഉത്തര സൂചികയുടെ അടിസ്ഥാനത്തിലാണ് പി.എസ്.സി മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ചോദ്യം തയ്യാറാക്കിയ വിദഗ്ധൻ നൽകുന്ന ഉത്തര സൂചിക (Provisional Answer Key) മൂല്യ നിർണ്ണയത്തിന് ക്ഷണിക്കപ്പെട്ട വിദഗ്ധരെ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി ഒരു Pre- evaluation camp സംഘടിപ്പിച്ച് ടി Provisional Answer Key വിശദമായി പരിശോധിച്ച് ന്യൂനതകൾ പരിഹരിച്ച് അന്തിമ ഉത്തര സൂചിക (Final Answer Key) തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിലാണ് മൂല്യ നിർണ്ണയം നടത്തുന്നത്. |
| (ഡി) | സാഹിത്യശാഖയിലെ വിവരണാത്മക പരീക്ഷയ്ക്ക് ഉത്തര സൂചികയുടെ അടിസ്ഥാനത്തിൽ നടത്തിയ മൂല്യനിർണയത്തിന്റെ അപാകതകൾ ചൂണ്ടിക്കാട്ടി പുനർമൂല്യനിർണയത്തിന് അപേക്ഷകൾ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉത്തരക്കടലാസുകൾ ഉത്തര സൂചികയുടെ അടിസ്ഥാനത്തിൽ മാത്രമല്ലാതെ ഭാഷാ വൈദഗ്ധ്യവും വിശകലന പാടവവും കണ്ടെത്തുന്ന വിധം പുനർമൂല്യനിർണ്ണയം നടത്തുന്നതിന് നടപടികൾ സ്വീകരിക്കാമോ; | (ഡി) | ഭാഷാദ്ധ്യാപക നിയമനത്തിന് സാഹിത്യ ശാഖയിലെ വിവരണാത്മക പരീക്ഷയ്ക്ക് ഉത്തര സൂചികയുടെ അടിസ്ഥാനത്തിൽ മാത്രം മൂല്യ നിർണ്ണയം നടത്തിയത് സംബന്ധിച്ച് ഒരു ഉദ്യോഗാർത്ഥിയുടെ പരാതി പി.എസ്.സി ക്ക് ലഭിച്ചിരുന്നു. നിലവിലെ ചട്ട പ്രകാരം ഉത്തരക്കടലാസുകളുടെ പുന:മൂല്യ നിർണ്ണയം അനുവദനീയമല്ല. |
| (ഇ) | ഭാഷാ വൈദഗ്ധ്യത്തിന്റെ അളവുകോൽ ഉത്തര സൂചികയിൽ മാത്രം പരിമിതപ്പെടുത്തുന്നത് നിരൂപണാത്മകമായി പരീക്ഷയെഴുതിയ ഉദ്യോഗാർത്ഥികൾക്ക് നീതി ലഭിക്കാതിരിക്കാനിടയാക്കുമെന്നുള്ള അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ? | (ഇ) | അസിസ്റ്റന്റ് പ്രൊഫസർ (ഇംഗ്ലീഷ്) തസ്തികയുടെ മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത് ഗവൺമെന്റ്/ എയിഡഡ് കോളേജുകളിലെ ബന്ധപ്പെട്ട വിഷയത്തിലുള്ള അസ്സോസിയേറ്റ്/ അസിസ്റ്റന്റ് പ്രൊഫസർമാരാണ്. ഉദ്യോഗാർത്ഥികളുടെ ഭാഷാ പ്രാവീണ്യവും വിശകലന പാടവവും പരിശോധി- ക്കുന്നതിനാവശ്യമായ രീതിയിലാണ് വിദഗ്ധരായ അദ്ധ്യാപകർ ഉത്തര സൂചിക തയ്യാറാക്കുന്നത്. വിവരണാത്മക പരീക്ഷകളിൽ ഉത്തര സൂചിക കൂടാതെ മൂല്യ നിർണ്ണയം നടത്തുന്നത് പരിശോധകർക്ക് തന്റെ മനോധർമ്മമനുസരിച്ച് മൂല്യ നിർണ്ണയം നടത്തുന്നതിന് അനുവാദം നൽകലാകും. ഇത് ഒരേ നിലവാരത്തിലുള്ള ഉത്തരങ്ങൾക്ക് വ്യത്യസ്ത മാർക്കുകൾ നൽകുവാൻ ഇടയാക്കുകയും മൂല്യ നിർണ്ണയത്തിന്റെ ഏകീകൃത സ്വഭാവം നഷ്ടമാക്കുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ